©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ജനുവരി 07<br>07th January 2020<br>1195 ധനു 22<br>22nd Dhanu 1195<br>1941 പൌഷം 17<br>17th Pousha 1941 | നമ്പർ<br>No. | 51 |

### കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്

### വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 68/2019/ത.സ്വ.ഭ.വ. *തിരുവനന്തപുരം, 2019 ആഗസ്റ്റ് 30*
*1195 ചിങ്ങം 14.*

**എസ്. ആർ. ഒ. നമ്പർ 16/2020**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 279-ാം വകുപ്പ് (2)–ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും, പ്രസ്തുത ആക്റ്റിലെ 279-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം കാസറഗോഡ് ജില്ലയിലെ ബദിയടുക്ക ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ "കള്ള് ഷാപ്പിന് വേണ്ടി നീക്കിവച്ച പുറമ്പോക്ക്" എന്ന് രേഖപ്പെടുത്തിയതുമായ പുറമ്പോക്ക് ഭൂമി പ്രസ്തുത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചശേഷം പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു, അതായത്: —

പട്ടിക

| | | |
|---|---|---|
| ജില്ല | .. | കാസറഗോഡ് |
| താലൂക്ക് | .. | കാസറഗോഡ് |
| വില്ലേജ് | .. | നീർച്ചാൽ |
| ഗ്രാമപഞ്ചായത്ത് | .. | ബദിയടുക്ക |
| റീസർവ്വെ നമ്പർ | .. | 773/4 എ |
| വിസ്തീർണ്ണം | .. | 4.35 ആർ (10.75 സെന്റ്) |

അതിരുകൾ

| | | |
|---|---|---|
| വടക്ക് | .. | 773/4 ബി |
| കിഴക്ക് | .. | 773/4 സി1 |
| തെക്ക് | .. | 773/2 സി3 എ3 |
| പടിഞ്ഞാറ് | .. | 773/4 ബി |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ടി. കെ. ജോസ്,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 279-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കാസറഗോഡ് ജില്ലയിലെ കാസറഗോഡ് താലൂക്കിലെ ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള നീർച്ചാൽ വില്ലേജിലെ സർവ്വെ നമ്പർ 773/4 എ യിൽപ്പെട്ട 4.35 ആർ (10.75 സെന്റ്) "കള്ള് ഷാപ്പിന് വേണ്ടി നീക്കിവച്ച പുറമ്പോക്ക് ഭൂമി" പ്രസ്തുത ആക്റ്റിലെ 279-ാം വകുപ്പ് (2) –ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പ്രസ്തുത ആക്റ്റിന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചശേഷം കേരള സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2020.01.07 02:58:06 +05:30